**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5222** **23/05/2017 ൽ മറുപടിക്ക്**

## കാരോട് പഞ്ചായത്തിലെ കുളം നവീകരണത്തിലെ ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി.ജോർജ് :** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം കാരോട് പഞ്ചായത്തിലെ കുളം നവീകരണത്തിന്റെ ഭാഗമായി 45 ലക്ഷം രൂപാ തിരിമറി നടത്തിയതിന് കൃഷി വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടോ; ഇവർ ആരെല്ലാം; പേരും, ഉദ്യോഗപ്പേരും, അഡ്രസ്സും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) കാരോട് വെൺകുളം നവീകരണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ 5 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.<br>1. ശ്രീ. എം.എസ്.സജു, സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.<br>2. ശ്രീമതി. എസ്. ജയശ്രീ, ദക്ഷിണ മേഖലാ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ.<br>3. ശ്രീ. സാം കെ. ജയിംസ്, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ.<br>4. ശ്രീ. പി.എൽ.മജു, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം.<br>5. ശ്രീ. പി.റ്റി.നവീൻ, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കൊല്ലം. |
| (ബി) പ്രസ്തുത നടപടി സംബന്ധിച്ച് കൃഷി വകുപ്പ് വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) പോലീസ് വിജിലൻസ് ഇപ്പോൾ ഈ വിഷയം അന്വേഷിക്കുന്ന സാഹചര്യത്തിലും അച്ചടക്ക നടപടി പൂർത്തിയാകാത്തതിനാലും |

| | | | |
|---|---|---|---|
| | | | വിജിലൻസ് അന്വേഷണ റിപ്പോർട്ട് ഇപ്പോൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലായെന്നറിയിക്കുന്നു. |
| (സി) | ക്രമക്കേടുകൾ എന്തെല്ലാം എന്ന് വിശദമാക്കുമോ; | (സി)& (ഡി) | കാരോട് വെൺകുളം നവീകരണ പ്രവർത്തനങ്ങളിൽ പാർശ്വഭിത്തി നിർമ്മാണപ്രവർത്തനങ്ങളിലും, ഇഷ്ടികച്ചെളി ഖനനത്തിലും ക്രമക്കേടുകൾ നടന്നിട്ടുണ്ട്. പാർശ്വഭിത്തി നിർമ്മാണത്തിലെ ക്രമക്കേടുകളിൽ മോശം ഡിസൈനിംഗ്, ചട്ടവിരുദ്ധമായി പ്രവൃത്തികൾ കൺവീനർവർക്കായി നൽകിയത്, മേൽനോട്ടത്തിലെ പിഴവുകൾ, വ്യാജബില്ലുകളുടേയും, രസീതുകളുടേയും അടിസ്ഥാനത്തിൽ ലക്ഷക്കണക്കിന് തുകകൾ പ്രവൃത്തികളുടെ പേരിൽ വിതരണം ചെയ്തത് തുടങ്ങിയവയും ഇഷ്ടികച്ചെളി ഖനനത്തിൽ അമിതവും അനിയന്ത്രിതവുമായ ചെളി ഖനനം നടത്തിയത്, തന്മൂലം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം, അനുവദനീയമായതിലും അധികം ചെളി ഖനനം ചെയ്തത് മൂലം റോയൽറ്റി ഇനത്തിൽ സർക്കാരിനുണ്ടായ നഷ്ടം തുടങ്ങിയവയും ഉൾപ്പെടുന്നു. |
| (ഡി) | കുളം നവീകരണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ ചെയ്തതിലാണ് തട്ടിപ്പ് നടന്നിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (ഇ) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെയുള്ള തുടർ നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (ഇ) & (എഫ്) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശുപാർശകളുടേയും അടിസ്ഥാനത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടു വന്ന് മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**